**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4974** **01-11-2021 - ൽ മറുപടിയ്ക്ക്**

**ലീഗൽ എയർഷിപ്പ് സർട്ടിഫിക്കറ്റിനുള്ള നടപടി ക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിയമപരമായ അവകാശി (ലീഗൽ എയർഷിപ്പ്) സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ച് എത്ര ദിവസത്തിനുള്ളിലാണ് സർട്ടിഫിക്കറ്റ് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ; അപേക്ഷ സമർപ്പിച്ച് നിശ്ചിത ദിവസത്തിനകം സർട്ടിഫിക്കറ്റ് ലഭ്യമാക്കണം എന്ന വ്യവസ്ഥയുണ്ടോ; | (എ) | ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചാൽ വില്ലേജ് ഓഫീസർ മുഖേന അന്വേഷണം നടത്തുകയും പ്രാഥമികമായി തർക്കങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ അവകാശികളെ സംബന്ധിച്ച വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി താലൂക്കിൽ നിന്നും ഗസറ്റ് വിജ്ഞാപനത്തിനുള്ള പരസ്യം തയ്യാറാക്കി അയയ്ക്കുകയും ചെയ്യുന്നു. ഗസറ്റ് വിജ്ഞാപനം ചെയ്ത തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ആക്ഷേപങ്ങൾ ഒന്നും ലഭിക്കാത്ത പക്ഷം സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്. ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിച്ച ശേഷം ആക്ഷേപം സമർപ്പിക്കാനുള്ള സമയം (30 ദിവസം) കഴിഞ്ഞാൽ 15 ദിവസത്തിനകം സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കണമെന്നാണ് വ്യവസ്ഥ. |
| (ബി) | പ്രസ്തുത വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | വ്യവസ്ഥകൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മേല്പരിശോധന നടത്തി വരുന്നുണ്ട്. |
| (സി) | കാസർകോട് ജില്ലയിൽ കഴിഞ്ഞ ഒരു വർഷം നൽകിയ ലീഗൽ എയർഷിപ്പ് സർട്ടിഫിക്കറ്റുകൾ എത്രയാണെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ; അപേക്ഷിച്ച് എത്രമാസം കഴിഞ്ഞതിനു ശേഷമാണ് അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമായതെന്ന് വ്യക്തമാക്കാമോ; | (സി) | താലൂക്ക് നൽകിയ അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ എണ്ണം വെള്ളരിക്കുണ്ട് 244 ഹോസ്ദുർഗ്ഗ് 1099 മഞ്ചേശ്വരം 556 കാസറഗോഡ് 652 അനന്തരാവകാശ സർട്ടിഫിക്കറ്റിനു വേണ്ടിയുള്ള പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതിനു ശേഷം ആക്ഷേപം സമർപ്പിക്കാനുള്ള കാലാവധിയായ 30 ദിവസത്തിനു ശേഷം സർട്ടിഫിക്കറ്റ് അനുവദിച്ച് വരുന്നു. |
| (ഡി) | ലീഗൽ എയർഷിപ്പ് സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനത്തിനായി തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അയയ്ക്കാനുള്ള എത്ര അപേക്ഷകൾ കാസർഗോഡ് ജില്ലയിൽ കെട്ടികിടക്കുന്നുണ്ടെന്ന് താലൂക്ക് തിരിച്ച് | (ഡി) | വെള്ളരിക്കുണ്ട് താലൂക്ക്- 120 അപേക്ഷകൾ 4 ആഴ്ചയിലേറെ പഴക്കമുള്ളതാണ്. ഹോസ്ദുർഗ്ഗ് താലൂക്ക് - ഗസറ്റ് വിജ്ഞാപനത്തിനായി തിരുവനന്തപുരം ഗവ. പ്രസിലേക്ക് അയക്കാനുള്ള അപേക്ഷകളുടെ എണ്ണം - 83. ഇതിൽ അന്യ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകൾ എത്രനാളായി കെട്ടികിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | | സംസ്ഥാനങ്ങളിലേക്ക് റിപ്പോർട്ടിനയച്ച അപേക്ഷകൾ 6 എണ്ണം ഒരു വർഷത്തിലേറെയും 22 എണ്ണം 2 വർഷത്തലേറെയും കാലതാമസം വന്നിട്ടുള്ളതാണ്. അന്യ ജില്ലകളിലേക്ക് റിപ്പോർട്ടിനയച്ച അപേക്ഷകളിൽ 4 എണ്ണം 6 മാസത്തിലേറെ കാലതാമസം വന്നിട്ടുള്ളതാണ്. വില്ലേജുകളിലേക്ക് റിപ്പോർട്ടിനയച്ച അപേക്ഷകളിൽ 24 എണ്ണം 2 വർഷത്തിലേറെയായും 13 എണ്ണം 6 മാസത്തിലേറെയായും കാലതാമസം വന്നിട്ടുള്ളതാണ്. ജില്ലയിലെ മറ്റ് താലൂക്കുകളിലേക്ക് റിപ്പോർട്ടിനയച്ച അപേക്ഷകളിൽ 9 എണ്ണം 2 വർഷത്തിലേറെയും 3 എണ്ണം 6 മാസത്തിലേറെയും കാലതാമസം വന്നിട്ടുള്ളതാണ്. കാസർഗോഡ് താലൂക്ക് - ഗസറ്റ് വിജ്ഞാപനത്തിനായി തിരുവനന്തപുരം പ്രസിലേക്ക് അയക്കാനുള്ള അപേക്ഷകളുടെ എണ്ണം - 307. വില്ലേജുകളിലേക്ക് റിപ്പോർട്ടിനയച്ച അപേക്ഷകളിൽ 44 എണ്ണവും ജില്ലയിലെ മറ്റ് താലൂക്കുകളിലേക്ക് റിപ്പോർട്ടിനയച്ച അപേക്ഷകളിൽ 33 എണ്ണവും 3 മാസം കാലതാമസം വന്നിട്ടുള്ളതാണ്. നിലവിൽ നടപടി നടന്നുവരുന്ന അപേക്ഷകളിൽ 230 എണ്ണം 3 മാസം കാലതാമസം വന്നിട്ടുള്ളതാണ്. മഞ്ചേശ്വരം താലൂക്ക് - ഗസറ്റ് വിജ്ഞാപനത്തിനായി തിരുവനന്തപുരം ഗവ. പ്രസിലേക്ക് അയയ്ക്കാനുള്ള ദീർഘ കാലം കെട്ടികിടക്കുന്ന അപേക്ഷകൾ മഞ്ചേശ്വരം താലൂക്കിൽ ഇല്ല. |
| (ഇ) | ലീഗൽ എയർഷിപ്പ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ